"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ നിന്നും സീനിയർ സൂപ്രണ്ടായി വിരമിച്ച ശ്രീ. ബി. വിക്രമൻ നായർ-ക്ക് ടിയാന്റെ ജൂനിയറിന് സ്ഥാനക്കയറ്റം ലഭിച്ച തീയതി പ്രബല്യത്തിൽ സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് നോഷണൽ പ്രമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**600/2026/LSGD** തീയതി,തിരുവനന്തപുരം, **06-03-2026**

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ **09.11.2010**-ലെ ഇ-**8/28/2010** നമ്പർ ഉത്തരവ്.
2. സ.ഉ.(സാധാ) നം.**111/2015**/തസ്വഭവ തിയതി **10/02/2015**
3. പഞ്ചായത്ത് ഡയറക്ടറുടെ **24/10/2017** ലെ ഇ**8/12264/2017(5)** നമ്പർ നടപടി ക്രമം
4. **OA-56/2016** -ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **30.05.2019** ലെ ഉത്തരവ്.
5. പഞ്ചായത്ത് ഡയറക്ടറുടെ **07/03/2020, 25.10.2021** തീയതികളിലെ **PAN/11937/2019-E11(DP)** നമ്പർ കത്തുകൾ.
6. സ.ഉ.(സാധാ) നം.**2447/2021**/തസ്വഭവ തിയതി **01/12/2021** ഉത്തരവ്
7. ശ്രീ. വിക്രമൻനായർ ബി. സമർപ്പിച്ച **09.05.2022, 20.05.2022** എന്നീ തീയതികളിലെ അപേക്ഷകൾ.
8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. വിക്രമൻനായർ ബി. ഫയൽ ചെയ്ത **OA 1/2023.**
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **15.05.2023**-ലെ **LSGD/PD/33058/2023-DEA2** നമ്പർ കത്ത്.
10. ശ്രീ. വിക്രമൻനായർ ബി. സമർപ്പിച്ച **26.09.2025** ലെ അപേക്ഷ
11. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **08.12.2025** ലെ **LSGD/PD/23703/2024-LL1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിൽ നിന്നും സീനിയർ സൂപ്രണ്ട് ആയി വിരമിച്ച ശ്രീ.

വിക്രമൻ നായർ ബി., സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ ടിയാന്റെ ജൂനിയറിന് സ്ഥാനക്കയറ്റം ലഭിച്ച തീയതി പ്രബല്യത്തിൽ നോഷണലായി ലഭിക്കുന്നതിന് വേണ്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-56/2016 നമ്പർ കേസിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് പാലിച്ച് പുറപ്പെടുവിച്ച പരാമർശം (6) ഉത്തരവിനെതിരെ പരാമർശം (7) പ്രകാരം ടിയാൻ അപേക്ഷകൾ സമർപ്പിച്ചിരുന്നു. ടി അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചില്ല എന്ന് കാണിച്ച് ശ്രീ. വിക്രമൻ നായർ ബി., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ പരാമർശം (8) പ്രകാരം കേസും ഫയൽ ചെയ്യുകയുമുണ്ടായി.

2) പഞ്ചായത്ത് ഡയറക്ടറുടെ 2010 ലെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് റിവ്യൂ ചെയ്യണമെന്ന ശ്രീ.ബി.വിക്രമൻ നായരുടെ ആവശ്യം നിരസിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിനെതിരെ ടിയാൻ ഫയൽ ചെയ്ത O.A No.56/2016 കേസിൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ച പരാമർശം (3) നടപടി ക്രമം പ്രകാരം 01.01.1990 മുതലുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ അന്തിമ സീനിയോറിറ്റി പട്ടിക അടിസ്ഥാനമാക്കി ശ്രീ.ബി.വിക്രമൻ നായരുടെ ആവശ്യം പരിഗണിക്കുവാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു. ശ്രീ. വിക്രമൻ നായർ 31.03.2007-ൽ വിരമിച്ച ശേഷമാണ് ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് അനുസരിച്ച് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ സീനിയോറിറ്റി /ഗ്രഡേഷൻ പട്ടിക പരാമർശം (3) പ്രകാരം തയ്യാറാക്കിയിട്ടുള്ളതെന്നും ടി പട്ടിക അടിസ്ഥാനമാക്കി വിരമിച്ചവർക്ക് നോഷണൽ പ്രമോഷൻ നൽകി പുനക്രമീകരണം അനുവദിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കാനും അനവധി കോടതി വ്യവഹാരങ്ങളിലേയ്ക്ക് വകുപ്പിനെ കൊണ്ടെത്തിക്കാനും സാധ്യതയുണ്ടെന്ന പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (5) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നോഷണൽ പ്രമോഷൻ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ച് ശ്രീ. വിക്രമൻ നായരുടെ ആവശ്യം നിരസിച്ച് ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ചുകൊണ്ട് പരാമശം (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) പ്രസ്തുത ഉത്തരവ് പുനപരിശോധിച്ച് തന്റെ ജൂനിയറായ ശ്രീ. കുഞ്ഞമ്പുവിന് പഞ്ചായസീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികളിലേയ്ക്ക് പ്രോമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ തനിക്ക് നോഷണൺ പ്രോമോഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (7), (10) പ്രകാരം സർക്കാരിൽ അപേക്ഷകൾ സമർപ്പിക്കുകയും ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ പരാമർശം (8) പ്രകാരം കേസ്

ഫയൽ ചെയ്തിട്ടുള്ളതും മുൻനിർത്തി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (9), (11) പ്രകാരമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

4) പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) പ്രകാരമുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. വിക്രമൻ നായരെ ജൂനിയറായിട്ടാണ് ഉൾപ്പെടുത്തിയിരുന്നത്. ബഹു. സുപ്രിംകോടതി വിധിയുടെ അടിസ്ഥാനത്തിൽ **01.01.1990** മുതലുള്ള പഞ്ചായത്ത് വകുപ്പിലെ സ്പെഷ്യൽ ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പുതുക്കി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ സ്ഥാനം 235 ആയി പുനക്രമീകരിച്ചിട്ടുണ്ട്. ഇതേ പട്ടികയിൽ ശ്രീ. വിക്രമൻ നായരുടെ ജൂനിയറായ ശ്രീ. കുഞ്ഞമ്പുവിന്റെ സ്ഥാനം 245 ആണ്. ശ്രീ. കുഞ്ഞാമ്പു-വിന് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്ക് യഥാക്രമം **19.04.2002, 30.03.2006, 02.08.2006** എന്നീ തീയതികളിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ഇതേ സീനിയോറിറ്റി പട്ടികയിൽ ശ്രീ. വിക്രമൻനായരുടെ ജൂനിയർമാരായ ശ്രീമതി ശോഭനാറാണി (ക്രമ നം. 309) യ്ക്ക് 2002-ലും ശ്രീമതി കെ.വിജയ-യ്ക്ക് (ക്രമ നം. 323) 2005-ലും അസിസ്റ്റന്റ് ഡയറക്ടർ ആയി സ്ഥാനകയറ്റം ലഭിച്ചിട്ടുണ്ട്. ശ്രീമതി ശോഭനാറാണിക്ക് 2006-ൽ ഡെപ്യൂട്ടി ഡയറക്ടർ ആയും സ്ഥാനകയറ്റം ലഭിച്ചിട്ടുള്ളതാണ്. ശ്രീ. വിക്രമൻ നായർ 31/03/2007 -ൽ സീനിയർ സൂപ്രണ്ടായി വിരമിക്കുകയുണ്ടായി. ടിയാൻ സർവ്വീസിൽ ഉണ്ടായിരുന്ന കാലയളവിൽ തന്നെയാണ് ജൂനിയറായ ശ്രീ. കുഞ്ഞമ്പുവിന് മേൽ പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളത്. പ്രസ്തുത കാലയളവിൽ ശ്രീ. വിക്രമൻ നായർക്കെതിരെ അച്ചടക്ക നടപടിയൊന്നും നിലവിലുണ്ടായിരുന്നതായി കാണുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (10) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) പഞ്ചായത്ത് ഡയറക്ടറുടെ 06/10/2005-ലെ ഇ11-02/2004 ഉത്തരവ് പ്രകാരമാണ് ശ്രീ. വിക്രമൻ നായർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ചത്. തുടർന്ന് ടിയാൻ 31.07.2007-ൽ വിരമിക്കുകയുമുണ്ടായി. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി മുൻകാല പ്രബല്യത്തിൽ (01.01.1990 മുതൽ) പുനക്രമീകരിച്ച് പരാമർശം (3) പ്രകാരം സീനിയോറിറ്റി പട്ടിക തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിലും, ടി സീനിയോറിറ്റി പട്ടികയിലെ ജൂനിയറായ (ക്രമ നം. 245) ശ്രീ. കുഞ്ഞമ്പുവിന് സീനിയറായ (ക്രം നം. 235) ശ്രീ. വിക്രമൻ നായർ വിരമിക്കുന്നതിനു മുമ്പ് തന്നെ ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള സാഹചര്യത്തിലും, സീനിയറായ ശ്രീ. വിക്രമൻ നായർക്ക്, ടിയാന്റെ ജൂനിയറായ ശ്രീ. കുഞ്ഞമ്പുവിന് സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച 19.04.2022 തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിലേയ്ക്കും, തുടർന്ന് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച യഥാക്രമം 30.03.2006, 02.08.2006 എന്നീ

തീയതികൾ പ്രാബല്യത്തിൽ പ്രസ്തുത തസ്തികകളിലേയ്ക്കും നോഷണൽ പ്രൊമോഷന് അർഹതയുള്ളതായി കാണുന്നു.

6) മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 23(സി) പ്രകാരം ശമ്പളത്തിന്റെയും അലവൻസുകളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ചട്ടം 28(b)(i)(14) പ്രകാരം, പഞ്ചായത്ത് വകുപ്പിൽ നിന്നും സീനിയർ സൂപ്രണ്ടായി വിരമിച്ച ശ്രീ. ബി. വിക്രമൻ നായർ-ക്ക് ടിയാന്റെ ജൂനിയറായ ശ്രീ. കുഞ്ഞമ്പുവിന് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിയ യഥാക്രമം 19/04/2002, 30/03/2006, 02/08/2006 തീയതി പ്രാബല്യത്തിൽ മേൽ തസ്തികകളിലേക്ക് നോഷണലായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. മേൽ പ്രകാരമുള്ള നോഷണൽ പ്രൊമോഷന്റെ പ്രാബല്യ തീയതി അടിസ്ഥാനമാക്കി ടിയാന്റെ ശമ്പളവും ആനുകൂല്യങ്ങളും നോഷണലായി പുനർനിർണ്ണയിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ച് നൽകുന്നതിനും ഉത്തരവാകുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. വിക്രമൻ നായർ ബി., ചിത്രഭവൻ, കുളത്തൂർ, ഉച്ചക്കട പി.ഒ,
തിരുവനന്തപുരം-695506
അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ് *(30.01.2026 ലെ ഡെവ-1/4/2026-ധന പ്രകാരം)*
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് *(06.01.2021 ലെ ADV-B2/135/2020-PandARD പ്രകാരം)*
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്( ഇപിബി1/73/2022-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 06-03-2026 10:55:58
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്